**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1857** **11.02.2020 ൽ മറുപടിയ്ക്ക്**

**ഡിസൈൻ ഹബ്**

| ചോദ്യം<br>**ശ്രീ.കെ.സുരേഷ് കുറുപ്പ്** | | മറുപടി<br>**പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** | |
|---|---|---|---|
| (എ) | കേരളത്തെ 'ഡിസൈൻ ഹബ്' ആക്കി മാറ്റി തീർക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | കഴിഞ്ഞ രണ്ടുവർഷമായി സംസ്ഥാന സർക്കാർ കേരള ഡിസൈൻ വീക്ക് സംഘടിപ്പിച്ചുവരുന്നു. ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യ വകുപ്പ്, വിവിധ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 2019 ഡിസംബർ 12 മുതൽ 14 വരെ രണ്ടാമത്തെ ഡിസൈൻ വീക്ക് കൊച്ചിയിൽ സംഘടിപ്പിച്ചിരുന്നു. നൂതനവും സാങ്കേതിക സഹായത്തോട്ടു കൂടിയുമുള്ള ഡിസൈനിങ്ങിലൂടെ സുസ്ഥിരമായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനായാണ് ഈ പരിപാടി സംഘടിപ്പിച്ചത്. പരിശീലന കളരികൾ, പാനൽ ചർച്ചകൾ, എക്സിബിഷനുകൾ തുടങ്ങിയവ ഉൾപ്പെട്ടതാണ് ഡിസൈൻ വീക്ക്. ആഗോള തലത്തിൽ വ്യവസായ പ്രമുഖർ, സൃഷ്ടിപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വിദഗ്ധർ, ഡിസൈനിങ്ങിൽ വൈദഗ്ധ്യം ഉള്ളവർ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവരാണ് ഈ പരിപാടിയിൽ പങ്കെടുത്തത്. |
| (ബി) | ഈ മേഖലയിൽ യുവ സംരംഭകരെ സഹായിക്കുന്നതിന് എന്തെല്ലാം പ്രത്യേക പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കാമോ? | (ബി) | ഓഗ്മെന്റഡ് റിയാലിറ്റി / വെർച്ചൽ റിയാലിറ്റി മേഖലയിൽ ആഗോളതലത്തിൽ പ്രമുഖർ ആയ യൂണിറ്റിയുമായി സഹകരിച്ച് സെന്റർ ഓഫ് എക്സലൻസ് ടെക്നോളജി ഇന്നവേഷൻ സോണിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഗെയിമിങ്ങുമായി ബന്ധപ്പെട്ട ഡിസൈനിങ്ങിൽ പരിശീലനം ലഭിക്കുന്നതിന് ഈ സെന്റർ പ്രയോജനപ്പെടുന്നതാണ്. വീഡിയോ ഗെയിമിംഗ് കൂടാതെ സിനിമ വ്യവസായം, ഓട്ടോമൊബൈൽ, രൂപകൽപന, നിർമാണ വിദ്യ എന്നിവയിലും ഈ സെന്ററിലൂടെ വൈദഗ്ധ്യം ലഭിക്കുവാൻ അവസരം ഒരുക്കിയിട്ടുണ്ട്. യുഎസിലെ MIT യുടെ കീഴിലുള്ള ബിറ്റ്സ് & ആറ്റംസുമായി |

| | | | |
|---|---|---|---|
| | | | സഹകരിച്ച് ടെക്നോളജി ഇന്നവേഷൻ സോണിൽ ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ ഫാബ് ലാബ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ ഫാബ്രിക്കേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന യുവാക്കൾക്കും സ്റ്റാർട്ടപ്പുകൾക്കും ഇത് സഹായകരമാകും. കൂടാതെ മെഷീനുകൾ നിർമിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്കും ഇത് ഉപകരിക്കും. ഈ രംഗത്തെ ആഗോള സ്ഥാപനങ്ങളുടെ സഹകരണത്തോടെ 20000 ചതുരശ്ര അടി സ്ഥലത്ത് ടെക്നോളജി ഇന്നോവേഷൻ സോണിൽ ഡിസൈൻ ഇൻക്യൂബേറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

Sajiv

**സെക്ഷൻ ഓഫീസർ**